വർഷാരംഭത്തിൽ പാഠപുസ്തകങ്ങളും അദ്ധ്യാപകസഹായിയും ലഭ്യമാക്കാൻ നടപടി

25 (2005) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സ്കൂൾ വർഷാരംഭത്തിൽ പാഠപുസ്തകങ്ങളും അദ്ധ്യാപകസഹായിയും ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) അടുത്ത വർഷം ഏതൊക്കെ ക്ലാസ്സുകളിൽ ഏതൊക്കെ വിഷയങ്ങളിൽ പുതിയ പാഠപുസ്തകങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടിയുടെ പുരോഗതി വിലയിരുത്താൻ നിലവിൽ സംവിധാനമുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പ്രവർത്തനം കൃത്യമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ സംസ്ഥാന ജില്ലാ തലങ്ങളിൽ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(എഫ്) ഈ പ്രവർത്തനങ്ങളുടെ പുരോഗതി രണ്ടാഴ്ചയ്ക്ക് ഒരിക്കൽ വിലയിരുത്തി ജനങ്ങളെ അറിയിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ ;

(ജി) അച്ചടിച്ച പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) വിതരണം കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പാക്കാൻ ജില്ലാ-ഗ്രാമപഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി സമിതി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കൂളുകൾക്ക് ആവശ്യമായ അദ്ധ്യാപകസഹായി അടുത്ത കൊല്ലം മുതൽ പാഠപുസ്തങ്ങളോടൊപ്പം ജില്ലാ ടെക്സ്റ്റ് ബുക്ക് ഡിപ്പോകൾ വഴി വിതരണം ചെയ്യണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി ഓരോ ജില്ലയ്ക്കും ആവശ്യമുള്ള അദ്ധ്യാപക സഹായികളുടെ എണ്ണം കണക്കാക്കുകയും അവ കൃത്യമായി അതാതു ഡിപ്പോകളിൽ എത്തിച്ച് വിതരണം ചെയ്യാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാഠപുസ്തകങ്ങളുടെ വിതരണം വർഷാരംഭത്തിൽതന്നെ നടത്താൻ സാധിക്കത്തക്ക വിധത്തിൽ അവയുടെ അച്ചടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ അദ്ധ്യയനവർഷം സംസ്ഥാനത്തെ 6 ഡി.പി.ഇ.പി. ജില്ലകളിലെ ആറാം ക്ലാസ്സിൽ പുതുതായി ഏർപ്പെടുത്തിയ പാഠപുസ്തകങ്ങൾ അടുത്ത അദ്ധ്യയന വർഷം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ആറാം ക്ലാസ്സിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തുന്നതാണ്. അടുത്ത അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും 7-ാം ക്ലാസ്സിൽ ഉപപാഠ പുസ്തകങ്ങൾ ഒഴിച്ചുള്ള എല്ലാ പാഠപുസ്തകങ്ങൾക്കും മാറ്റമുണ്ട്.

(സി,ഡി&ഇ) ഉണ്ട്. സംസ്ഥാന തലത്തിൽ പാഠപുസ്തകങ്ങളുടെ അച്ചടിയുടെയും വിതരണത്തിന്റെയും പുരോഗതി യഥാസമയം വിലയിരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ തലത്തിൽ പാഠപുസ്തകങ്ങളുടെ ലഭ്യത യഥാസമയം ഉറപ്പുവരുത്തുന്നതിനായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ അദ്ധ്യക്ഷൻമാരായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

(എഫ്) ജില്ലാ പാഠപുസ്തക ഡിപ്പോകളിലെ പാഠപുസ്തകങ്ങളുടെ ലഭ്യത പ്രാദേശികതലത്തിൽ അറിയിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നല്കിയിട്ടുണ്ട്.

(ജി) അച്ചടിച്ച പാഠപുസ്തകങ്ങൾ തിരുവനന്തപുരം, എറണാകുളം, ഷൊർണ്ണൂർ എന്നിവിടങ്ങളിൽ നിലവിലുള്ള കേന്ദ്രപാഠപുസ്തക സ്റ്റോറുകളിൽ ശേഖരിച്ച് വിദ്യാഭ്യാസ ജില്ലാതലത്തിൽ നിലവിലുള്ള ജില്ലാ പാഠപുസ്തക ഡിപ്പോകൾക്ക് നൽകുന്നു. ജില്ലാ പാഠപുസ്തക ഡിപ്പോകളിൽ നിന്ന് സ്കൂളുകളിൽ നിലവിലുള്ള സഹകരണസംഘങ്ങൾ വഴി വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നു.

(എച്ച്) ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

പുസ്തകങ്ങളുടെ അച്ചടി

26 (2006) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു വർഷം എത്ര ലക്ഷം പുസ്തകങ്ങളാണ് സ്കൂളുകളിലേയ്ക്ക് വേണ്ടി വരുന്നത് ;

(ബി) എവിടെയാണ് ഈ പുസ്തകങ്ങൾ അച്ചടിക്കുന്നത് ;

(സി) സ്കൂളുകൾ തുറന്നശേഷമാണോ ഈ വർഷത്തെ പ്രിന്റിംഗ് ആരംഭിച്ചത് ;

(ഡി) പുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്നതിനുള്ള കടലാസ് ലഭിക്കുന്നത് എവിടെ നിന്നാണ് ;

(ഇ) ഈ കടലാസ് എപ്പോഴാണ് ലഭിച്ചത് ;

(എഫ്) ഈ കടലാസ് മറ്റെന്തെങ്കിലും കാര്യത്തിന് വിനിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ എന്താവശ്യത്തിനെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly